പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5643 5/07/2013 ൽ മറുപടിയ്ക്ക്

## ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പുസ്തകങ്ങളുടെ വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് :<br>,, കോലിയക്കോട് എൻ. കൃഷ്ണൻനായർ :<br>,, എ. പ്രദീപ്കുമാർ :<br>,, എസ്. രാജേന്ദ്രൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കി വിതരണം നടത്തിക്കഴിഞ്ഞോ ; വിശദമാക്കുമോ ; | (എ) | ഈ വർഷം (2013-14) സ്കൂൾ തുറന്ന ആദ്യ ആഴ്ചയിൽ തന്നെ യഥാ സമയം ഇൻഡന്റ് നൽകിയ എല്ലാ സ്കൂൾ സൊസൈറ്റികളിലും പാഠ പുസ്തക വിതരണം നടത്തിയിട്ടുണ്ട്. |
| ബി) ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പൊളിറ്റിക്കൽ സയൻസ് പുസ്തകങ്ങൾ ഇതുവരെ അച്ചടി തുടങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന് കാരണമെന്തെന്ന് അറിയിക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഹയർ സെക്കന്ററി രണ്ടാം വർഷ പാഠപുസ്തകങ്ങളിൽ, പൊളിറ്റിക്കൽ സയൻസ് വിഷയത്തിലെ രണ്ട് പാഠപുസ്തകങ്ങളൊഴികെയുള്ളവ സ്കൂളുകളിൽ വിതരണം നടത്തിക്കഴിഞ്ഞു. ഇപ്പറഞ്ഞ രണ്ട് പുസ്തകങ്ങളുടെ അച്ചടി, സിലബസിൽ വരുത്തിയ ചില മാറ്റങ്ങൾ കാരണം നിർത്തിവയ്ക്കേണ്ടി വന്നിരുന്നു. എന്നാൽ മാറ്റം വരുത്തിയ സിലബസ് പ്രകാരം 2013 ജൂൺ മാസത്തോടെ നൽകിയ നിർദ്ദേശമനുസരിച്ച് പുതിയ പുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കി സ്കൂളുകളിൽ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്ലസ് വണ്ണിന്റെ എല്ലാ പാഠപുസ്തങ്ങളുടെയും വിതരണം ജൂലൈ 10-ാം തീയതിയ്ക്കകം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) ഇതുസംബന്ധിച്ച് വിവിധ വകുപ്പുകൾ വ്യത്യസ്തമായ മറുപടിയാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (സി) | ഇല്ല |
| (ഡി) പുസ്തകങ്ങൾ അച്ചടിക്കുന്നതിലെ താമസം മൂലം സ്വകാര്യ ഗൈഡ് കമ്പനികൾ കൊള്ളലാഭമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഇല്ല |
| (ഇ) പുസ്തകങ്ങൾ എത്രയും വേഗം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഇ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ